# ശുചിത്വത്തിനൊപ്പം

## കുട്ടികൾക്കുള്ള കൈപ്പുസ്തകം



# ശുചിത്വത്തിനൊപ്പം

കുട്ടികൾക്കുള്ള കൈപ്പുസ്തകം


**തയ്യാറാക്കിയത്**

ഡോ: ഉഷ കെ അരവിന്ദ്
(ഡയറക്ടർ, സ്കൂൾ ഓഫ് എൻവിറോൺമെന്റൽ സ്റ്റഡീസ്, കുസാറ്റ്)

ഡോ: പി ഷൈജു
(ഡയറക്ടർ, സെന്റർ ഫോർ സയൻസ് ഇൻ സൊസൈറ്റി, കുസാറ്റ്)

അരുൺ പി (ഗവേഷകൻ)

അഖിൽ നാസിം എം കെ (ഗവേഷകൻ)

ഗ്രീഷ്മ തങ്കച്ചൻ (ഗവേഷക)

വിഷ്ണു ശ്രീജിത്ത് എം (ഗവേഷകൻ)

**ക്രിയേറ്റീവ്സ് & ഇല്ലുസ്ട്രേഷൻ**

ക്യൂരിഫൈ സയൻസ് ലാബ്



**പ്രസിദ്ധീകരിക്കുന്നത്**

സെന്റർ ഫോർ സയൻസ് ഇൻ സൊസൈറ്റി, കുസാറ്റ്

# കളമശേരിയിൽ മിങ്കുവും ടിങ്കുവും ശുചിത്വം പഠിപ്പിക്കും

**മാലിന്യ സംസ്കരണത്തിനുള്ള ബോധവൽക്കരണത്തിന് ചിത്രകഥാ പുസ്തകം**




കളമശേരി മണ്ഡലത്തിലെ സ്കൂളുകളിൽ ശുചിത്വം പഠിപ്പിക്കുന്നതിനു തയാറാക്കിയ ചിത്രകഥാ പുസ്തകം മിങ്കുവും ടിങ്കുവും.

കളമശേരി ● മണ്ഡലത്തിലെ സ്കൂളുകളിൽ മിങ്കുവും ടിങ്കുവും ശുചിത്വം പഠിപ്പിക്കും. മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും നിർവഹിക്കേണ്ട രീതികളെക്കുറിച്ചും പറയാൻ മിങ്കുവും ടിങ്കുവും ക്ലാസുകളിലെത്തും. ശുചിത്വത്തിന് ഒപ്പം കളമശേരി പദ്ധതിയുടെ ഭാഗമായി കുട്ടികൾക്ക് വിതരണം ചെയ്യാൻ തയാറാക്കിയ ചിത്രകഥാ പുസ്തകത്തിലെ നായികാനായകൻമാരാണ് മിങ്കുവും ടിങ്കുവും. കുട്ടികളിൽ ശുചിത്വബോധം സൃഷ്ടിക്കുന്നതിനായി മന്ത്രി പി.രാജീവിന്റെ നേതൃത്വത്തിൽ തയാറാക്കിയ ചിത്രകഥാ പുസ്തകത്തിന്റെ പ്രകാശനം ഇന്ന് 10.30ന് പാതാളം മുനിസിപ്പൽ ടൗൺഹാളിൽ നടത്തും.

കുളത്തിൽ ചൂണ്ടയിട്ട് മീൻ പിടിക്കാൻ ഇറങ്ങുന്ന മിങ്കുവും ടിങ്കുവും പുഴയിലും കരയിലും കാണുന്ന മാലിന്യങ്ങളെ കുറിച്ച് പറഞ്ഞുകൊണ്ടാണ് ചിത്രകഥ ആരംഭിക്കുന്നത്. ചുറ്റുപാടും കാണുന്ന പലതരം മാലിന്യങ്ങളെക്കുറിച്ചും അവ ഉയർത്തുന്ന ഭീഷണിയെക്കുറിച്ചും ഇരുവരും വിശദീകരിക്കുന്നു. പ്ലാസ്റ്റിക് മുതൽ ഇ-മാലിന്യം വരെയുള്ള നാനാതരം മാലിന്യങ്ങൾ വേർതിരിക്കേണ്ടതിനെക്കുറിച്ചും സംസ്കരിക്കേണ്ടതെങ്ങനെയെന്നും പുസ്തകം പറയുന്നു. മാലിന്യം പരിമിതപ്പെടുത്തൽ, പുനരുപയോഗം, പുനഃചംക്രമണം തുടങ്ങി സംസ്കരണത്തിന്റെ വ്യത്യസ്ത വഴികളും മണ്ണിര കംപോസ്റ്റ്, തുമ്പൂർമുഴി മാതൃക, ബയോഗ്യാസ് പ്ലാന്റുകൾ തുടങ്ങി പലതരം മാതൃകകളും പുസ്തകം പരിചയപ്പെടുത്തുന്നുണ്ട്. സ്വയം ചെയ്യേണ്ട പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുള്ള വർക്ക് ഷീറ്റും പുസ്തകത്തിലുണ്ട്.

പൊതുവിദ്യാഭ്യാസ വകുപ്പ്, കൊച്ചി സർവകലാശാല, കുസാറ്റ് ശാസ്ത്ര സമൂഹ കേന്ദ്രം എന്നിവരുടെ സഹകരണത്തോടെയാണ് പുസ്തകം തയാറാക്കിയത്. കൊച്ചി സർവകലാശാലയിലെ അധ്യാപകരായ ഡോ. ഉഷ കെ. അരവിന്ദ്, ഡോ.പി. ഷൈജു, പി. അരുൺ, എം.കെ. അഖിൽ നാസിം, ഗ്രീഷ്മ തങ്കച്ചൻ, എം.വിഷ്ണു ശ്രീജിത് എന്നിവരാണ് ഉള്ളടക്കം തയാറാക്കിയത്.